**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **02-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെട്ടുന്നുണ്ട്. പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ജില്ലാകളക്ടർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും കായികയുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയിൽ പൂഞ്ഞാർ ജി.എൽ.പി.എസിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ കായിക ഉപകരണങ്ങൾ സ്ഥാപിക്കുകയും അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഗോൾ പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലകർക്കുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ